മലബാർ കുടിയേററം കേരളത്തിൻെറ സാംസ്ക്കാരിക പൈതൃകത്തിൽ വല്ല ആഘാതവും ഏല്പിച്ചുവോ? ഈ കാര്യം ഞങ്ങഠം അന്വേഷിച്ചത് പ്രശസ്ത സാഹിത്യവിമർശകനും ശാസ്ത്രപണ്ഡിതനുമായ ഡോ. ഭാസ്ക്കരൻ നായരോടാണ്. അതേപ്പററി അദ്ദേഹം എഴുതിയ കുറിപ്പ്:

## കുടിയേററത്തെപ്പററി

**ഡോ. കെ. ഭാസ്ക്കരൻ നായർ**

ഞാൻ മലബാറിലെ കുടിയേററ പ്രദേശങ്ങളിൽ താമസിക്കുകയോ, അവിടത്തെ പ്രശ്നങ്ങഠം പഠിക്കുകയോ ചെയ്തിട്ടില്ല. അവിടെയുള്ളവരുടെ ജീവിതരീതിയെപ്പററിയും എനിക്ക് വിവരമില്ല. അപ്പോഠം പിന്നെ എന്താണ് എഴുതുക? പക്ഷേ ഒന്നു പറയാം. ഈ കേരളത്തിൽ ജീവിക്കുന്ന നമ്മളിൽ ഭൂരിപക്ഷം പേരും ഒരർത്ഥത്തിൽ കുടിയേററക്കാരാണ്. തലസ്ഥാനമായ തിരുവനന്തപുരത്തുനിന്ന് കഷ്ടിച്ച് പത്തു മൈൽ ഉള്ളിലേക്കു പോയാൽ ഏറക്കുറെ വയനാടൻ പ്രദേശത്തെ ചുററുപാടുകഠം കാണാം. കാറും ബസ്സും സ്കൂട്ടറും ഒന്നും ചെല്ലാത്ത നാട്ടിൻ പുറങ്ങളിൽ പോകണമെന്നേയുള്ളു. പത്തു നാലപ്പതു വർഷം മുമ്പുപോലും ആ ദിക്കുകളിൽ മലമ്പനിയും കാട്ടു ജന്തുക്കളും കൂത്താടിയിരുന്നു. കൈയൂക്കുള്ളവൻ കാര്യക്കാരനും ആയിരുന്നു. അതിനു ശേഷമാണല്ലൊ ഗതാഗത സൌകര്യങ്ങഠം വർദ്ധിച്ചതും ഓണംകേറാ മൂലകളിൽ പോലും പരിഷ്കാരം പ്രചരിച്ചതും. അതുകൊണ്ട്, അമേരിക്കക്കാർ പറയുന്നതുപോലെയുള്ള, കുടിയേററപ്രദേശങ്ങളിലെ ''ഫ്രണ്ടിയർ സംസ്കാരം'' എന്നൊന്ന് നമ്മുടെ ഈ കൊച്ചുകേരളത്തിൽ ഇന്നു നിലവിലില്ല. എല്ലായിടത്തും ഏറക്കുറെ ഒരേ ചുററുപാടുകഠം തന്നെയാണ് കാണുന്നത്. ഭൂമിയിലെ പരിമിതമായ വിഭവങ്ങഠം പരമാവധി കൈയടക്കുന്നതിനുവേണ്ടിയും, അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സുഖജീവിത സാഹചര്യങ്ങഠം എത്രയും വേഗം സ്വാധീനമാക്കുന്നതിനുവേണ്ടിയും, നിരന്തരം നടക്കുന്ന കണ്ണിൽ ചോരയില്ലാത്ത മത്സരം! ലോകത്തിൽ എല്ലായിടത്തും ഇതുതന്നെയാണ് അനുഭവം- യൂറോപ്പിൽ നിന്ന് വടക്കെ അമേരിക്കൻ ഭൂഖണ്ഡത്തിൽ കുടിയേറിയ വെള്ളക്കാരായ ജനങ്ങഠം അതിവിശാലമായ ആ രാജ്യത്തിൻെറ കിഴക്കെ തീരത്തുനിന്നു ഉഠം പ്രദേശങ്ങളിലേക്കു കടന്നപ്പോഠം അവിടുത്തെ ആദിവാസികളായ റെഡ് ഇന്ത്യക്കാരുമായി കൂട്ടിമുട്ടുകയും പറഞ്ഞാലൊടുങ്ങാത്ത പാപകർമ്മങ്ങളിലൂടെ ആ സാധുക്കളെ പരിപൂർണ്ണമായി നശിപ്പിക്കുകയും ചെയ്ത ചരിത്ര വസ്തുത കുപ്രസിദ്ധമാണല്ലൊ. ഈ സംഘട്ടനത്തിൽ നിന്നുണ്ടായ സാഹസപൂർണ്ണമായ ജീവിത ശൈലിക്കാണ് ഫ്രണ്ടിയർ സംസ്കാരം എന്നു പറയുന്നത്. പക്ഷേ ഇന്നിത് വെറുമൊരു സ്മരണ മാത്രമാണ്. അമേരിക്കൻ ഭൂഖണ്ഡത്തിലെന്നല്ല ഭൂമിയിൽ ഒരിടത്തും ഇനിയും കുടിയേററം നടത്തുവാൻ സ്ഥലമില്ല.

ഈ ചെറിയ ആകാശഗോളം മനുഷ്യസന്തതിയുടെ ബാഹുല്യത്താൽ നിറഞ്ഞുകവിയുകയാണ്. ജനപ്പെരുപ്പത്തോടൊപ്പം ദുരാഗ്രഹത്തിൻെറ പെരുപ്പവും സംഭവിക്കുന്നതുകൊണ്ടാണ് ലോകത്തിൽ സംതൃപ്തിയും സമാധാനവും ഇല്ലാതെ വന്നിരിക്കുന്നത്. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെങ്കിലും മത്സരത്തിലും സംഘർഷത്തിലും അധിഷ്ഠിതമായ സംസ്കാരത്തെ വളർത്തുവാൻ ശ്രമിക്കാതെ സ്നേഹത്തിൻെറയും സഹകരണത്തിൻെറയും സന്ദേശം പ്രചരിപ്പിക്കുന്നതു കാണുവാൻ ആഗ്രഹിക്കുന്നു. കുടിയേററ പ്രദേശത്തായാലും മറെറവിടെ ആയാലും, അതിലൂടെ മാത്രമേ മനുഷ്യരാശിക്ക് മോചനമുള്ളു. ○

[redacted]

Digitized by Kerala Sahitya Akademi